# ഭാഷാസാങ്കേതികവിദ്യ : സത്തയും അസ്തിത്വവും

ശരീരം ശബ്ദത്തിൽ അർത്ഥമാവുകയും,
അർത്ഥം ദൃശ്യത്തിൽ എഴുത്താവുകയും,
എഴുത്ത് ശരീരത്തിൽനിന്നിറങ്ങി അച്ച
ടിയാവുകയും, അച്ചടി ഡിജിറ്റലിൽ
ഭാഷയെ അതിവർത്തിക്കുകയും ചെയ്യുന്നു

ചലനാത്മകമായ രണ്ട് മാനവിക പ്രക്രിയകളാണ് ഭാഷയും സാങ്കേതികവിദ്യയും[1]. രണ്ടിന്റെയും കൂടിച്ചേരലാണ് ഭാഷാ സാങ്കേതികവിദ്യ[2]. ഭാഷാ സാങ്കേതികവിദ്യയെ കുറിച്ചുള്ള ചർച്ച ഈ കൂടിച്ചേരലിനെക്കുറിച്ചുള്ള ചർച്ചകൂടിയാണ്. ഭാഷാ സാങ്കേതികവിദ്യാ വികസനം ഈ ഈ കൂടിച്ചേരലിന്റെ നിരവധി സാധ്യതകളുടെ തുടർച്ചയാണ്. ആധുനിക ഭാഷാശാസ്ത്രം ഭാഷയെ പഠനവിഷയമായി പരിഗണിക്കുന്നതിന് ആദ്യം ചെയ്തത് സംസാരത്തെ പ്രകൃത്യാ (Natural) ഉള്ളതാണെന്ന് സ്ഥാപിക്കുകയും സംസാരം ഒഴികെയുള്ള എഴുത്ത്, അച്ചടി, തുടങ്ങിയ ഭാഷാരൂപങ്ങളെ പഠനമണ്ഡലത്തിൽ നിന്നും പുറത്താക്കുകയും ആയിരുന്നു. ആദ്യകാല ഭാഷാ ശാസ്ത്രജ്ഞരിൽ ഈ പ്രവണത കൂടുതൽ സുവ്യക്തമാണ്. (Bloomfield 1935:21, Humbolt 1988:49, Sapair 1921:8, Saussure 1959:24, Hockett 1958:4) ഭാഷാ സാങ്കേതികവിദ്യയിലെ ചലനങ്ങളെക്കൂടി ഭാഷാശാസ്ത്രത്തിന്റെ പഠനമണ്ഡലമായി പരിഗണിക്കുന്ന വിശാലതയിലേ ഭാഷാ സാങ്കേതികവിദ്യയെ ചർച്ചാവിഷയം ആക്കാൻ കഴിയൂ. ഭാഷയുടെയും സാങ്കേതികവിദ്യയുടെയും സത്താപരവും, അസ്തിത്വപരവുമായ തിരിച്ചറിവ് ഭാഷാസാങ്കേതികവിദ്യയെപ്പറ്റിയുള്ള ചർച്ചയ്ക്ക് അനിവാര്യമാണ്.

ഭാഷയുടെയും സാങ്കേതികവിദ്യയുടെയും സത്താപരവും, അസ്തിത്വപരവുമായ പ്രത്യേകതകളെ ചർച്ചചെയ്യുകയും, ഭാഷാ സാങ്കേതികവിദ്യയിൽ അന്തർലീനമായ 'അതികരണത്തെ' (transposition) സംസാരം, എഴുത്ത്, അച്ചടി, ഡിജിറ്റൽ എന്നീ ഭാഷാ സാങ്കേതിക വിദ്യകളിലൂടെ നിരീക്ഷിക്കുകയുമാണീ ലേഖനത്തിൽ.

## ജില്ലിയുടെ വിശപ്പും, പെട്രോളും

ജില്ലിയുടെ വിശപ്പും പെട്രോളും തമ്മിൽ എന്താണ് സാമ്യത? ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവായ ലിയണാർഡോ ബ്ലൂം ഫീൽഡിന്റെ 'ലാംഗ്വേജ്'' എന്ന പുസ്തകത്തിൽ ഭാഷയെപ്പറ്റിയുള്ള തന്റെ പ്രാഥമിക നിഗമനങ്ങൾ രൂപീകരിക്കുന്നതിനായി അവതരിപ്പിക്കുന്ന ഒരു പെൺകുട്ടിയാണ് ജില്ലിയെന്ന ജിൽ (Bloomfield 1935:26). ജില്ലിക്ക് വിശന്നു. കൂട്ടുകാരൻ ജാക്ക് കൂടെയുണ്ട്. അടുത്തുതന്നെ ഒരു മാവിൽ മാങ്ങയുമുണ്ട്. ജില്ലിക്ക് മാവിൽ കയറാൻ കഴിയില്ല. എന്താണ് ചെയ്യുക? ജില്ലി ജാക്കിനോട് പറഞ്ഞു. ജാക്ക് മാവിൽ കയറി മാങ്ങ പറിച്ച് ജില്ലിക്കു കൊടുത്തു. ജില്ലിയുടെ വിശപ്പ് മാറി. 'വിശപ്പ്'' ജില്ലിക്ക് ഒരു ശാരീരിക അനുഭവം (Somatic experience) ആയിരുന്നു. 'എനിക്ക് വിശക്കുന്നു ജാക്ക്'' എന്ന് ജില്ലി

---

[1] സാങ്കേതികവിദ്യ അഥവാ technology എന്ന് പ്രയോഗിച്ചിരിക്കുന്നത് അതിന്റെ മൗലിക അർത്ഥത്തിലാണ്. "The word (technology) stems from the Greek. Technikon means that which belongs to technē. We must observe two things with respect to the meaning of this word. One is that techne is the name not only for the activities and skills of the craftsman but also for the arts of the mind and the fine arts." (Martin Heidegger 1993 : 318)

[2] വിനിമയവ്യാപ്തിക്കായി ഭാഷ സാങ്കേതികവിദ്യയെയും അറിവധിഷ്ഠിത സ്വയം പ്രവർത്തനങ്ങൾക്കായി സാങ്കേതികവിദ്യ ഭാഷയെയും പരസ്പരം ആശ്രയിക്കുകയും കൂടിച്ചേരുകയും ചെയ്യുന്ന മണ്ഡലത്തെ പൊതുവായി ഭാഷാസാങ്കേതികവിദ്യ എന്ന് പറയാം.

പറയുന്നതുവരെ ജാക്കിന് ജില്ലിയുടെ വിശപ്പ് അറിയാൻ കഴിഞ്ഞിരുന്നില്ല. കാരണം ജാക്കിന്റെയും ജില്ലിയുടെയും രണ്ട് ശരീരങ്ങളാണ്. രണ്ട് ശരീരങ്ങൾ തമ്മിലുള്ള വിനിമയത്തിന്റെ (Communication) വിടവ് ഭാഷ നികത്തുകയാണ് ചെയ്യുന്നതെന്നാണ് ഈ ഉദാഹരണത്തിലൂടെ ബ്ലൂംഫീൽഡ് നിരീക്ഷിക്കുന്നത്. "The gap between the bodies of the speaker and hearer – the discontinuity of the two nerveus system – is bridged by the sound – wave" (Bloomfield1935:26). കേവലമായ sound-waves അഥവാ ശബ്ദതരംഗങ്ങൾ എങ്ങിനെയാണ് ജില്ലിയുടെ വിശപ്പ് ജാക്കിൽ എത്തിച്ചത്? എനിക്ക് വിശക്കുന്നു എന്ന് ജില്ലി പറഞ്ഞപ്പോൾ എത് ജാക്കിനെങ്ങനെയാണ് മനസ്സിലായത്? ശരീരങ്ങൾ തമ്മിലുള്ള ഭൗതികമായ വിടവിലൂടെ (Somatic gap) വിനിമയം ചെയ്യാൻ കഴിയാത്ത 'ശാരീരിക അനുഭവത്തെ' (Somatic experience) അർത്ഥികമായി (Semantic) ലാംഗിലേക്ക്[3] ഭാഷ വെളിപ്പെടുത്തുന്നു (reveling). ലാംഗ് ജാക്കിന്റെയും ജില്ലിയുടെയും പൊതുബോധനത്തിലെ ഭാഷാ മണ്ഡലമാണ്. വിശപ്പ് എന്ന ശാരീരികാനുഭവം ആർത്ഥികമായി ലാംഗിൽ വെളിപ്പെട്ടിരുന്നതുകൊണ്ടാണ് ജില്ലിയുടെ വിശപ്പ് ഭാഷയിലൂടെ ജാക്കിന് മനസ്സിലായത്. ഇവിടെ ഭാഷയുടെ സത്ത വെളിപ്പെടുത്തലാണ്. അതായത് ശാരീരികാനുഭവത്തിന്റെ വൈവിധ്യത്തെ ഭാഷ ലാംഗിലേക്ക് വെളിപ്പെടുത്തുന്നു. 'വെളിപ്പെടുത്തലിൽ' (revealing) നിന്നും ഭിന്നമാണ് 'വിനിമയം' (communication). എനിക്ക് വിശക്കുന്നു എന്ന് ജില്ലി ജാക്കിനോട് പറയുന്നതാണ് വിനിമയം. വിനിമയം പരോളിന്റെ[4] ഭാഗമാണ്. അതായത് വെളിപ്പെടുത്തൽ വിനിമയത്തിന്റെ മുന്നുപാധിയാണ്. ലാംഗിൽ വെളിപ്പെട്ട ഒരു അനുഭവത്തെ മാത്രമേ പരോളിലൂടെ വിനിമയം ചെയ്യാൻ കഴിയൂ.

വിശപ്പ് ഭാഷയിൽ വെളിപ്പെടുന്നതുപോലെ പെട്രോളും ഒരു വെളിപ്പെടുത്തലാണ്. കാർഷികസാങ്കേതികവിദ്യയിൽ ഭൂമികൃഷിസ്ഥലവുമായി വെളിപ്പെടുന്നു. വ്യാവസായിക സാങ്കേതികവിദ്യയിൽ കൃഷിസ്ഥലം കൽക്കരി ഖനിയായും, ഖനി കൽക്കരിയായും, കൽക്കരി പെട്രോളായും വെളിപ്പെടുന്നു. യന്ത്രത്തിൽ പെട്രോൾ ചലനമായി വെളിപ്പെടുന്നു. ഓരോ വെളിപ്പെടുത്തലിലും പരം പൂർവ്വത്തെ തടസ്സപ്പെടുത്തുന്നു. അതായത് സാങ്കേതികവിദ്യയുടെ സത്ത വെളിപ്പെടുത്തലാണ്[5]. സത്താപരമായി ഭാഷയും സാങ്കേതികവിദ്യയും വെളിപ്പെടുത്തലാണ്. ഭാഷ ഭൗതികാനുഭവത്തിന്റെ വൈവിധ്യത്തെ ആർത്ഥികമായി വെളിപ്പെടുത്തുമ്പോൾ, സാങ്കേതികവിദ്യ ഭൗതികപ്രപഞ്ചത്തിന്റെ വൈവിധ്യമാർന്ന സാധ്യതകളെ വെളിപ്പെടുത്തുന്നു. സത്താപരമായി ഭാഷയും സാങ്കേതികവിദ്യയും സമാനമാണ്. സത്താപരമായ ഈ സമാനതയാണ് ഭാഷാ സാങ്കേതികവിദ്യയെ, അതായത് ഭാഷയുടെയും സാങ്കേതികവിദ്യയുടെയും കൂടിച്ചേരലിനെ സാധ്യമാക്കുന്നത്.

## ഉപജീവനവും ചലനാത്മകതയും

സത്താപരമായി ഭാഷയും സാങ്കേതികവിദ്യയും സമാനമാണെങ്കിലും അസ്തിത്വപരമായി രണ്ടും ഭിന്നമാണ്. ജീവനലോകത്തിന്റെ ഭൗതികസാന്ദ്രതയിലാണ് ഭാഷ നിലനിൽക്കുന്നത്. അതായത് ജീവനലോകത്തിന്റെ ഭൗതികസാന്ദ്രതയെ ആശ്രയിക്കുന്നതാണ് ഭാഷയുടെ അസ്തിത്വം. ഭാഷാ സമൂഹത്തിന്റെ ജീവനലോകത്തിൽനിന്നും ഭിന്നമായ ഒരസ്തിത്വം ഭാഷയ്ക്കില്ല. എന്നാൽ സാങ്കേതികവിദ്യയുടെ അസ്തിത്വം ജീവനലോകത്തെ ഭൗതികമായി മാറ്റുന്നു എന്നതാണ്. ജീവനലോകത്തെ ഭൗതികമായി മാറ്റിക്കൊണ്ടേ സാങ്കേതികവിദ്യയ്ക്ക് നിലനിൽക്കാൻ കഴിയൂ.

---

[3] 'It is both a social product of the faculty of speech and a collection of necessary connections that have been adopted by a social body to permit individuals to exercise that faculty' (Saussure 1915:9)

[4] "Parole is on the coutrary an individuals act of will and intellegente in which it is necessary to distinguish 1. the combinations by means of which the speaking subject use the code of the language system with a view to expressing his personal thoughts; 2. the psycho-physical mechanism which allows him to externalize these combination" (Saussure 1915:30-31)

[5] 'Technology is therefore no more means. Technology is a way of revealing' (Heidegger 1978:318)
Technology is a mode of revealing. Technology comes to presence in the relam where revealing and unconcealment take place' (Heidegger 1978:319)

സാങ്കേതികവിദ്യയുടെ സത്താപരമായ ഓരോ വെളിപ്പെടുത്തലും അതായത് ഓരോ കണ്ടുപിടിത്തവും, ജീവനലോകത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ ജീവനലോകത്തെ ശരിയായോ തെറ്റായോ പ്രതിഫലിപ്പിക്കാൻ മാത്രമേ ഭാഷയ്ക്ക് കഴിയൂ. അസ്തിത്വപരമായി ഭാഷ ജീവനലോകത്തെ ഉപജീവിക്കുന്നു. സാങ്കേതികവിദ്യ ജീവനലോകത്തെ മാറ്റിക്കൊണ്ടിരിക്കുന്നു. ഭാഷയുടെയും സാങ്കേതികവിദ്യയുടെയും സത്താപരമായ സമാനതയും അസ്തിത്വപരമായ വ്യത്യാസവുമാണ് രണ്ടിന്റെയും കൂടിച്ചേരലായ ഭാഷാ സാങ്കേതികവിദ്യയെ 'അതികരണ'ത്തിന്റെ നാഗരികമണ്ഡലമാക്കുന്നത്.

## ഭാഷാസാങ്കേതികവിദ്യയും അതികരണവും

ഭാഷ വെളിപ്പെടുത്തലാണ്. സാങ്കേതികവിദ്യ മാറ്റിത്തീർക്കലാണ്. സത്താപരമായി വെളിപ്പെടുത്തലായ ഭാഷയും, അസ്തിത്വപരമായി മാറ്റിത്തീർക്കലായ സാങ്കേതികവിദ്യയും കൂടിച്ചേരുമ്പോൾ എന്താണ് സംഭവിക്കുന്നത്. സംസാരം മുതൽ ഡിജിറ്റൽ വരെയുള്ള ഭാഷാ സാങ്കേതിക വിദ്യകളിൽ ഈ കൂടിച്ചേരൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് ഇനിയുള്ള ചർച്ച.

## സംസാരം വചന സാങ്കേതികവിദ്യ

സംസാരത്തെ അതിഭൗതികമായ കേന്ദ്രങ്ങളിൽ ബന്ധിപ്പിച്ച് സംസാരത്തിന് പ്രാഥമികത്വം നൽകുന്ന ആധുനിക ഭാഷാശാസ്ത്രത്തിന്റെ ചിന്താപദ്ധതി ദാർശനികമണ്ഡലത്തിൽ ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞു. സംസാരം അഥവാ വാചികം എന്നത് ഭാഷയുടെ കേവലം ഒരു പ്രകടനോപാധി മാത്രമാണ്. ലാംഗിൽ അർത്ഥികമായി വെളിപ്പെട്ട അനുഭവത്തിന്റെ ശബ്ദരൂപത്തിലുള്ള ബാഹ്യവത്കരണം (exteriorization) മാത്രമാണ് സംസാരം. അതായത് അനുഭവം ലാംഗിൽ അർത്ഥമാവുകയും അർത്ഥം ശബ്ദത്തിൽ സംസാരമാവുകയുമാണ് ചെയ്യുന്നത്. സംസാരിക്കുമ്പോൾ നാം ശബ്ദപ്രപഞ്ചത്തെ ഭാഷാ പ്രപഞ്ചമായി മാറ്റുകയാണ് ചെയ്യുന്നത്. അസ്തിത്വപരമായി ഭൗതികപ്രപഞ്ചത്തിൽ ശരീരം നടത്തുന്ന തികച്ചും ഭൗതികമായ ഒരു ഇടപെടലിലാണ് സംസാരം. "Speaking on the contrary (to language) is an individual act, it is willfull and intellectual (Saussure 1959:14) "Speaking is modified breathing" (Abercrombie 1956 : 25)

ആധുനിക ഭാഷാശാസ്ത്രം സംസാരത്തിന് കൽപിച്ചുകൊടുത്തിരുന്ന പ്രാഥമികത്വത്തിൽ നിന്ന് ഭിന്നമായി സംസാരത്തെ ഒരു ഭാഷാ സാങ്കേതികവിദ്യയായി പരിഗണിക്കുന്നതിന് മൂന്നുകാരണങ്ങളുണ്ട്.

1. സംസാരം ശബ്ദപ്രപഞ്ചത്തെ സംസാരപ്രപഞ്ചമായി വെളിപ്പെടുത്തുന്നു.
2. സ്വാഭാവിക ശ്വാസഗതിയിൽ നടത്തുന്ന ബോധപൂർവ്വമായ പരിഷ്കരണത്തിലൂടെയാണ് സംസാരം സാധ്യമാകുന്നത്.
3. സംസാരത്തിലൂടെ ഭാഷ ബാഹ്യവത്കരണത്തിനായി ശബ്ദമാധ്യമത്തെ ഉപയോഗിക്കുന്നു.

## സംസാരം സ്വയം റദ്ദാക്കലും അതികരണവും

സംസാരത്തെ ബാഹ്യവത്കരണത്തിനുള്ള വചനസാങ്കേതികവിദ്യയായി പരിഗണക്കുമ്പോൾത്തന്നെ സംസാരത്തിന് മൗലികമായ ഒരു പോരായ്മയുണ്ട് എന്നതുകൂടി ചർച്ച ചെയ്യേണ്ടതുണ്ട്. വചന സാങ്കേതികവിദ്യയുടെ മാധ്യമം ആയ ശബ്ദത്തിന് അത് പുറപ്പെടുവിക്കപ്പെടുന്ന സമയത്തിലും വ്യാപരിക്കാൻ കഴിയുന്ന പരിമിതമായ ദേശപരിധിയിലും മാത്രമേ നിലനിൽക്കാൻ കഴിയൂ. അതായത് ഒരു മാധ്യമം ആയി നാം ശബ്ദത്തെ അർത്ഥിക വിനിമയത്തിനായി ഉപയോഗിക്കുമ്പോൾ അഥവാ നാം സംസാരിക്കുന്ന നിമിഷത്തിൽത്തന്നെ സംസാരം ഇല്ലാതെയാകുന്നു. സ്വന്തം മാധ്യമത്തിന്റെ substantial ആയ സവിശേഷതയാൽ സ്വയം റദ്ദാക്കപ്പെട്ട ഭാഷാ സാങ്കേതികവിദ്യയാണ് സംസാരം.

ആർത്ഥികമായി വെളിപ്പെട്ട ഭൗതികാനുഭവം വചന സാങ്കേതികവിദ്യയിലൂടെ ശരീരത്തിൽനിന്നും അതിവർത്തിക്കുമ്പോൾത്തന്നെ സംസാരത്തിന്റെ നശ്വരതയിൽ നിന്നും അതികരിക്കാൻ അർത്ഥത്തിന് കഴിയാതെ വരുന്നു. സംസാരത്തെ ഭാഷയുടെ പ്രാഥമികസത്തായി പരിഗണിക്കുന്ന ആധുനിക ഭാഷാശാസ്ത്രം സംസാരത്തിന്റെ ഈ സ്വയം റദ്ദാക്കൽ സ്വഭാവത്തെ പരിഗണിക്കാതിരുന്നതുകൊണ്ടാണ് എഴുത്തിന്റെ ആവശ്യകതയിലേക്ക് മനുഷ്യ നാഗരികതയെ നയിച്ച അതികരണത്തിന്റെ ദർശനത്തെ ഭാഷാശാസ്ത്രത്തിൽ ശ്രദ്ധിക്കാതിരുന്നത്. ഭാഷാസാങ്കേതികവിദ്യ എന്ന നിലയിൽ വചനസാങ്കേതികവിദ്യ അനുഭവത്തിന്റെ ശരീരത്തിൽനിന്നുള്ള അർത്ഥികമായ അതികരണത്വരയുടെ പ്രകടനങ്ങളിൽ ഒന്നുമാത്രമാണ്. എന്നാൽ സംസാരം തന്നെ സ്വന്തം മാധ്യമത്താൽ സ്വയം റദ്ദാക്കപ്പെടുമ്പോൾ അതികരണം ഭൗതികേച്ഛയായി അഥവാ അഭാവത്തിന്റെ അനുഭവത്തിൽനിന്നുള്ള ഇച്ഛയായി മാറുന്നു. മനുഷ്യനെ നാഗരികതയിലേക്ക് നയിച്ച ഈ അതികരണ ഇച്ഛയാണ് മനുഷ്യസമൂഹത്തിന്റെ വിവിധ കോണുകളിൽ എഴുത്തായി രൂപംകൊണ്ടത്.

## എഴുത്ത് ശരീരത്തിന്റെ ഓർമ്മ

വചന സാങ്കതികവിദ്യയുടെ സ്വയം റദ്ദാക്കലിൽനിന്നുള്ള ഭാഷയുടെ അതികരണമാണ് എഴുത്തുസാങ്കേതികവിദ്യ. വചന സാങ്കേതികവിദ്യയുടെ സബ്സ്റ്റൻസായ ശബ്ദത്തിന് പകരം ദൃശ്യത്തെ പ്രതിഷ്ഠിച്ചുകൊണ്ടാണ് എഴുത്ത് ശബ്ദത്തിന്റെ കാലത്തിലും ദേശത്തിലുമുള്ള അനശ്വരതയെ അതികരിച്ചത്. അതായത് എഴുത്ത് സാങ്കേതികവിദ്യ വചനസാങ്കേതികവിദ്യയുടെ അനുബന്ധം ആയിരുന്നില്ല. ഭാഷാശാസ്ത്രത്തിലും ദർശനത്തിലും എഴുത്തിനെ സംസാരത്തിന്റെ അനുബന്ധം ആയി ആയിരുന്നു വ്യവഹരിച്ചിരുന്നത്. 'Language are made to be spoken, writing servers only as a supplement to speech' (Rousseau). ലാംഗിൽ അർത്ഥികമായി വെളിപ്പെട്ട ഒരു അനുഭവം ശബ്ദത്തിലൂടെ സംസാരമായി മാറുന്നതുപോലെ ദൃശ്യത്തിലൂടെ എഴുത്തായി മാറുകയാണ്. ആദ്യകാല എഴുത്തുരൂപങ്ങളായ ഹീറോഗ്ലിഫിക്സ്, ക്യൂണീഫോം ഇവ സ്വന മധ്യസ്ഥത (phonetic mediation) ഇല്ലാത്ത ചിത്രലിപികളും, ആശയങ്ങളെ അങ്ങനെ തന്നെ പ്രതിനിധീകരിക്കുന്ന ഐഡിയോ ഗ്രാഫിക് ലിപികളും ആണെന്ന് ശ്രദ്ധേയമാണ്.

എഴുത്ത് ആദ്യകാലത്ത് സമൂഹത്തിലെ ഒരു വിഭാഗത്തിന് മാത്രം അറിയാവുന്ന പ്രത്യേകമായ വൈദഗ്ധ്യം ആവശ്യമായ ശരീരത്തിന്റെ ഓർമ്മയായിരുന്നു. ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം ശരീരത്തിന്റെ ഓർമ്മയിൽ നിന്നും സമൂഹത്തിന്റെ സാക്ഷരതയിലേക്ക് ആദ്യകാലത്ത് എഴുത്ത് പ്രസരിച്ചിരുന്നില്ല[6]. വചന സാങ്കേതികവിദ്യ കേന്ദ്രീകൃതമായ ഒരു മതാത്മക മണ്ഡലവും, എഴുത്ത് സാങ്കേതികവിദ്യ കേന്ദ്രീകൃതമായ ഭരണ, വാണിജ്യ മണ്ഡലവും രൂപപ്പെട്ടു എന്നതാണ് എഴുത്തിന്റെ ആദ്യകാല സാമൂഹിക ചരിത്രം. വചന സാങ്കേതികവിദ്യ സംസ്കാരം, കല, മതം ഇവ ഉൾപ്പെടുന്ന ഉപരിഘടനയുടെ പ്രതിനിധാനവും എഴുത്ത് സാങ്കേതികവിദ്യ ഭരണം വാണിജ്യം എന്നിവയുടെ പ്രതിനിധാനവും ആയി മാറുകയായിരുന്നു. ഭാഷ ലാംഗിന്റെ അമൂർത്തമായ വെളിപ്പെടുത്തലിന്റെ സാമൂഹികമണ്ഡലവും, സംസാരവും എഴുത്തും ജീവനലോകത്തെ നിരന്തരം മാറ്റുന്ന സാങ്കേതികവിദ്യ മണ്ഡലവും ആയി ഭാഷാ സമൂഹത്തിൽ വ്യാപിക്കുകയായിരുന്നു.

സംസാരത്തിന്റെ നശ്വരതയിൽ നിന്നുള്ള അതികരണമായി എഴുത്ത് രൂപപ്പെട്ടിരുന്നെങ്കിലും ഒരു വിഭാഗത്തിന്റെ മാത്രം ശരീരത്തിന്റെ ഓർമ്മയുടെ തടവറയായ Scriptorium[7] ത്തിൽനിന്നും ലിപിബോധത്തിന് പുറത്ത് വരുവാൻ കഴിഞ്ഞിരുന്നില്ല. അച്ചടിയിലൂടെയാണ് ശരീരത്തിന്റെ ഓർമ്മയുടെ പരിധിയിൽനിന്നും എഴുത്ത് സമൂഹത്തിലേക്ക് വ്യാപിച്ചത്.

---

[6] But in itself writing constitutes an important technology requiring a category of highly trained specialist which has to be maintained at the expense of the community. (Jack Goody 1986:45)

[7] Scriptorium : The Scriptorium was the centre of European manuscript culture and the main agency of text reproduction before printing. It was a place of highly regarded and specialized work, usually shared by several copyists. (Florian Coulmas 1996:455)

## അച്ചടി, സാക്ഷരത, ദേശീയത

സ്ക്രിപ്റ്റോറിയത്തിലെ ശരീരത്തിന്റെ ഓർമ്മയിൽനിന്നും എഴുത്ത് സമൂഹത്തിലേക്ക് സാക്ഷരതയായി അതികരിക്കുന്നത് അച്ചടിയിലൂടെ ആയിരുന്നു. ശരീരത്തന്റെ ഓർമ്മയുടെയും, ചലനത്തിന്റെ പരിമിതിയുടെയും പരിധിയെ യന്ത്രത്തിന്റെ ഭൗതികതകൊണ്ട് അതികരിക്കലായിരുന്നു അച്ചടിയിലൂടെ. ശരീരത്തിന്റെ ഓർമ്മയെയും ചലനത്തിന്റെ പരിധിയെയും അളവുപരമായി അതിവർത്തിക്കാൻ അച്ചടിയന്ത്രത്തിലൂടെ കഴിഞ്ഞു. അങ്ങനെ എഴുത്ത് സ്ക്രിപ്റ്റോറിയത്തിലെ ഓർമ്മയുടെ പരിധിയെ അതിവർത്തിക്കുകയും, സമൂഹത്തിന്റെ സാക്ഷരതയാവുകയും ചെയ്തു. ഭാഷാ സമൂഹത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങളുടെ വെളിപ്പെടുത്തലുകൾ അച്ചടിയുടെ പ്രസരണത്തിലൂടെ സമീകരിക്കുകയും ഭാഷാ സമൂഹത്തെ ദേശസമൂഹം ആയി പരിവർത്തിപ്പിക്കുകയും ചെയ്തു. ഭാഷശരീരം, ദേശശരീരം ആവുകയും ഭാഷ ദേശത്തിന്റെയും, ദേശം ഭാഷയുടെയും പ്രതിനിധാനം ആവുകയും ചെയ്തു. സംസാരം ശബ്ദ പ്രപഞ്ചത്തെ ഭാഷാ പ്രപഞ്ചമായി പരിവർത്തിച്ചപ്പോൾ അച്ചടിയുടെ വ്യാപനം ഭൂപ്രദേശത്തെ ദേശപ്രദേശമായി പരിവർത്തിപ്പിക്കുകയായിരുന്നു. അതായത് ഭാഷയിലൂടെ ഭൂപ്രദേശം ദേശപ്രദേശമായി വെളിപ്പെടുകായായിരുന്നു. അങ്ങനെ ഭാഷ മനുഷ്യനാഗരികതയുടെ ചരിത്രത്തിൽ ദേശത്തെ വെളിപ്പെടുത്തുകയും അച്ചടിയിലൂടെ ദേശബോധത്തെ പ്രചരിപ്പിക്കുകയും ചെയ്തു. ഭാഷ തന്നെ ആയിരുന്നു ഭാഷാ സമൂഹങ്ങൾക്ക് പരിധി നിർണ്ണയിച്ചതും. അച്ചടിയുടെ വ്യാപനം ഭാഷാശരീരങ്ങളെ ദേശശരീരങ്ങളായി inscribe ചെയ്യുകയായിരുന്നു. ഭാഷാശരീരങ്ങളുടെ ദേശശരീരത്തിൽനിന്നുള്ള അതികരണമാണ് തുടർന്ന് വന്ന ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യയിൽ.

## ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യ
## ബഹുസ്വരതയുടെ ബാബേൽ

സ്ക്രിപ്റ്റോറിയത്തിന്റെ ഓർമ്മയിൽനിന്നും അച്ചടിയിലൂടെ സമൂഹത്തിന്റെ സാക്ഷരതയായ ഭാഷ ദേശരാഷ്ട്രത്തിന്റെ സത്തയായിരുന്നു. അച്ചടിയിലൂടെ ഭാഷ സമൂഹത്തിന്റെ സാക്ഷരതയായി അതികരിച്ചപ്പോൾ ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യയിൽ ഭാഷ ക്യാരക്ടറുകളായി അമൂർത്തമാവുകയായിരുന്നു. ശരീരത്തിന്റെ ഓർമ്മയുടെ അമൂർത്തതയിൽനിന്നും അച്ചടിയുടെ ദൃശ്യമൂർത്തതയിലൂടെ ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യയിലൂടെ ഭാഷ മറ്റൊരു അതികരണത്തിന് കൂടി തയ്യാറാവുകയാണ്.

ഇതര ഭാഷാ സാങ്കേതികവിദ്യകളിൽനിന്നും ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യ വ്യത്യസ്തമാകുന്നത് അത് ഭാഷാതീതമായി ഭാഷയെ അമൂർത്തവത്കരിക്കുന്നു (translingual abstraction) എന്നതിനാലാണ്.

ഭാഷയാൽ അടയാളപ്പെടുത്തിയ ദേശരാഷ്ട്രത്തിന്റെ സീമയിൽനിന്നുള്ള അർത്ഥത്തിന്റെ അതികരണമാണ് ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യ. ഭാഷയുടെ ഭാഷാതീതമായ അമൂർത്തവത്കരണത്തിലൂടെയാണിത് സാധ്യമാകുന്നത്. ലോകത്തിലെ ഏതെങ്കിലും ഒരു ഭാഷാ സമൂഹത്തിൽ വെളിപ്പെട്ട ഒരു അർത്ഥം മറ്റൊരു ഭാഷാ സമൂഹത്തിലേക്ക് എത്തിക്കുക എന്നതാണ് ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യയിലെ അതികരണം. അതുകൊണ്ടാണ് വൈവിധ്യമാർന്ന ഭാഷാ ലിപികളെ യൂണികോഡിൽ ഭാഷാതീതമായ ക്യാരക്ടറുകളായി സങ്കേതനം ചെയ്യുന്നത്. ഡിജിറ്റൽ ഭാഷാ സാങ്കേതികവിദ്യയിൽ വചനത്തിലെയും, എഴുത്തിലെയും സബ്സ്റ്റൻസായിരുന്ന ദൃശ്യം, ശബ്ദം, അർത്ഥം ഇവ വേർതിരിക്കുകയും 01 എന്നിങ്ങനെ ഒരുകൂട്ടം അനന്യതകളിലൂടെ ക്യാരക്ടറുകളായി മാറുകയും ചെയ്യുന്നു. അവിശ്വസനീയമായ അതികരണത്തിന്റെ ഈ അനുഭവത്തെ മക് ലൂഹൻ അവതരിപ്പിക്കുന്നതിങ്ങനെയാണ്. “Our new electronic technology that extends our senses and nerves in a global embrace has large implications for the feature of language --- ---. Electronicity points the way to an extension of the process of consciousness itself, on a world scale and without any verbalization whatever ------------. The condition of “Weightlessness”, that biologist say promises a physical immortality, may be paralleled by the condition of

Speechlessness that could counter a perpetuity of collective harmony and peace" Mc Luhan (1964:80)

## പുസ്തകങ്ങൾ


1. Leonard Bloomfield, 1935, Language Motilal Banarsidass, Delhi
2. Wilhelm Von Humboldt (tr) 1988, On Language CUP
3. Sapir 1921 Language Harcourt Brace
4. Ferdinand De Saussure 1959, Course in General Linguistics Wade Baskin
5. Charles F. Hockett 1958, A Course in Modern Linguistics, IHBP, Delhi
6. Martin Heidegger 1978, Basic Writtings Routledge.
7. Marshall McLuhan , Understanding Media, the extension of man, Rontledge
8. David Abercrombic 1967 Elements of General Phonetics, Edinbursh, University press.
9. Jack Goody 1986, The Logic of writing and the organization of society CUP
10. Florian Coulmas 1996, Encyclopedia of Writing System Blackwell.



പി. ശ്രീകുമാർ
അസിസ്റ്റന്റ് പ്രൊഫസർ
ദ്രാവിഡ സർവകലാശാല
ആന്ധ്രാപ്രദേശ്
ഇ-മെയിൽ : linguafranka@yahoo.com